"ഭരണഭാഷ – മാതൃഭാഷ"

നമ്പർ എസ്2(എ)– 63332/2016/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം,
തീയതി:24.09.2016.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർ

സർ,

വിഷയം :– പൊതുവിദ്യാഭ്യാസം – പാഠപുസ്തക വിതരണം 2016–17 അധ്യയന വർഷം – രണ്ടാം വാല്യം പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

2016–17 അധ്യയന വർഷത്തിലെ രണ്ടാം വാല്യം പാഠപുസ്തകങ്ങൾ സ്കൂളുകൾ വഴി വിതരണം ചെയ്യുന്നതിനായി കെ.ബി.പി.എസ് സംസ്ഥാനത്തെ സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ എന്നീ തലത്തിൽ പാഠപുസ്തകങ്ങളുടെ വിതരണം മോണിറ്റർ ചെയ്യുന്നതിന് കെ.ബി.പി.എസ് ന്റെ ഓൺലൈൻ സിസ്റ്റത്തിൽ പ്രവേശിക്കുന്നതിനുള്ള ലിങ്കും Username/ Password ഉം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ജില്ലകളിൽ നിന്നുമുള്ള ഇൻഡന്റ് പ്രകാരം പാഠപുസ്തകങ്ങൾ യഥാസമയം ജില്ലകളുടെ പരിധിയിൽ വരുന്ന സ്കൂൾ സൊസൈറ്റി വഴി സ്കൂളുകൾ ആവശ്യപ്പെട്ട പ്രകാരം സ്കൂളുകളിൽ എത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. സ്കൂളുകളിൽ നിന്നും വിതരണം ചെയ്യുന്ന പാഠപുസ്തകങ്ങളുടെ വിവരങ്ങൾ അതാത് ദിവസം തന്നെ ഐ.ടി.@ സ്കൂളിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ജില്ലകളിലെ എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി. മാർ പ്രത്യേകമായി മോണിറ്റർ ചെയ്യേണ്ടതുമാണ്. 29.09.2016 നു മുൻപായി മേൽപറഞ്ഞ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള പാഠപുസ്തകങ്ങൾ ജില്ലയിൽ ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉള്ളടക്കം ചെയ്ത പ്രഫോർമയിൽ അന്നേ ദിവസം 4 മണിക്കു മുൻപായി തുടർനടപടിയെടുക്കുന്നതിന്റെ ആവശ്യത്തിലേക്കായി വീഴ്ചവരുത്താതെ അറിയിക്കേണ്ടതാണ്.

Website link: www.keralabooks.org/logistics2016
**Login Details**
Username : textbook@2016
Password : kbpsdistribution2016

വിശ്വസ്തതയോടെ

(ഒപ്പ്)
അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതുവിദ്യാഭ്യാസഡയറക്ടർക്കു വേണ്ടി.